# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3471 — 12.05.2017-ൽ മറുപടിയ്ക്ക്

## തടി മില്ലുകൾക്കുള്ള ലൈസൻസ്

**ചോദ്യം**

**ശ്രീ. പി.സി.ജോർജ്**

**ഉത്തരം**

**അഡ്വ.കെ.രാജു**
**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് നിലവിൽ ലൈസൻസുള്ള എത്ര തടി-മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്; ആയതിന്റെ കണക്ക് സർക്കാ-രിന്റെ പക്കൽ ലഭ്യമാണെങ്കിൽ ജില്ല തിരിച്ച് മറ്റ് വിശദാം-ശങ്ങൾ ഉൾപ്പെടെ വെളിപ്പെടു-ത്തുമോ;

(എ) സംസ്ഥാനത്ത് നിലവിൽ ലൈസൻസുള്ള 2949 തടിമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 110 |
| 2 | കൊല്ലം | 354 |
| 3 | പത്തനംതിട്ട | 182 |
| 4 | കോട്ടയം | 241 |
| 5 | ആലപ്പുഴ | 202 |
| 6 | ഇടുക്കി | 57 |
| 7 | എറണാകുളം | 308 |
| 8 | തൃശ്ശൂർ | 269 |
| 9 | പാലക്കാട് | 371 |
| 10 | മലപ്പുറം | 320 |
| 11 | കോഴിക്കോട് | 229 |
| 12 | വയനാട് | 45 |
| 13 | കണ്ണൂർ | 189 |
| 14 | കാസർഗോഡ് | 72 |
| ആകെ | | 2949 |

| | | | |
|---|---|---|---|
| (ബി) | പുതിയ തടിമില്ലുകൾക്ക് ലൈസൻസ് ഇപ്പോൾ നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (ബി) | റബ്ബർ, ഇറക്കുമതി ചെയ്ത തടി എന്നിവയിൽ അധിഷ്ഠിതമായ മില്ലുകൾക്ക് കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാ മിൽസ് ആന്റ് അദർ വുഡ് ബോസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾ 2012, അമൻഡ്മെന്റ് റൂൾ 2015 എന്നീ ചട്ടങ്ങൾക്ക് വിധേയമായി പുതുതായി ലൈസൻസ് നല്കി വരുന്നുണ്ട്. എന്നാൽ പുതുതായി ആരംഭിക്കുന്ന മറ്റു തടിയധിഷ്ഠിത മില്ലുകൾക്ക് ടി ചട്ടങ്ങൾ പ്രകാരം വുഡ് ബാലൻസ് സ്റ്റഡി കഴിഞ്ഞതിനു ശേഷം മാത്രമേ ലൈസൻസ് നല്കുവാൻ സാധിക്കുകയുള്ളൂ. ആയതിനായി കെ.എഫ്.ആർ.ഐ പീച്ചിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പുതിയ തടിമില്ല് തുടങ്ങുന്നതിനായി അപേക്ഷകൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കുമോ; | (സി) | റബ്ബർ, ഇറക്കുമതി ചെയ്ത തടി എന്നിവ ഉപയോഗിച്ചുള്ള തടി മില്ലിന് കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാ മിൽസ് ആന്റ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾ 2012, അമൻഡ്മെന്റ് റൂൾ 2015 എന്നീ ചട്ടങ്ങൾ പ്രകാരം നിശ്ചിത പ്രൊഫോർമയിൽ അതത് ആതറൈസ്ഡ് ഓഫീസർക്ക് ഇതിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. മറ്റു മരങ്ങൾ ഉപയോഗിച്ചുള്ള തടി മില്ലുകൾക്ക് വുഡ് ബാലൻസ് സ്റ്റഡി റിപ്പോർട്ടിന്മേൽ തീരുമാനം ആകുന്നതുവരെ അപേക്ഷകൾ സ്വീകരിക്കുന്നില്ല. വുഡ് ബാലൻസ് സ്റ്റഡി റിപ്പോർട്ടിനായി കെ.എഫ്.ആർ.ഐ പീച്ചിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് പലയിടങ്ങളിലും ലൈസൻസ് കിട്ടിയതിനു ശേഷം പൂട്ടിയ തടിമില്ലുകൾ തുറക്കുവാൻ ഇപ്പോൾ നിയമം അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഡി) | കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാമിൽസ് ആന്റ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾ 2012, അമൻഡ്മെന്റ് റൂൾ 2015 എന്നീ ചട്ടങ്ങൾ പ്രകാരം ലൈസൻസ് ലഭിച്ച തടിമില്ലുകൾക്ക് നിയമ തടസ്സങ്ങളില്ലായെങ്കിൽ തുറക്കുന്നതിന് അനുമതി നല്കി വരുന്നുണ്ട്. |
| (ഇ) | ലൈസൻസ് കിട്ടിയതിനു ശേഷം പൂട്ടിക്കിടക്കുന്ന തടിമില്ലുകൾ നിലവിലുള്ള ജില്ലയിൽ | (ഇ) | കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാ മിൽസ് & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾ 2012, അമൻഡ്മെന്റ് റൂൾ 2015 |

| | |
|---|---|
| നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ ഇപ്പോൾ അനുമതി നൽകി വരുന്നു-ണ്ടോ; വിശദാംശങ്ങൾ വെളി-പ്പെടുത്തുമോ? | എന്നീ ചട്ടങ്ങൾ പ്രകാരം ലൈസൻസ് ലഭിച്ച തടിമില്ലുകൾ നിലവിൽ പ്രവർത്തിക്കുന്ന ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനു മേൽ ചട്ടങ്ങൾക്ക് വിധേയമായി വനം വകുപ്പിൽ നിന്നും അനുമതി നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ